ശ്രീ. കെ. എം. ജോർജ്: ഒരാൾക്ക് 'മണ്ണു കുഴിക്കുന്നു' വെന്നു തോന്നുന്നത് വേറൊരാൾക്ക്, അത് ഭൂതകരമായ ഫലങ്ങളും ഉണ്ടാക്കുന്ന ഗവേഷണമായിട്ടായിരിക്കും അനുഭവപ്പെടുക, നമ്മേപ്പോലുള്ള സാധാരണക്കാർക്ക് അതിന്റെ ഫലത്തെപ്പറ്റി ഉടനെ മനസ്സിലാക്കാൻ കഴിയുകയില്ല.

ശ്രീ. പി. ഗംഗാധരൻ: ചപ്പോർകഥ പറഞ്ഞിട്ടു കാര്യമില്ല. പത്തിരുപത്തഞ്ചു കൊല്ലമായി ഗവേഷകൻമാർ ഗവേഷണം നടത്തിയിട്ട് എന്തെങ്കിലും പ്രയോജനമുണ്ടായോ? എത്ര നിസ്സാരമായ കാര്യമാണെങ്കിലും വിലയില്ലാത്തതായി കണക്കാക്കുകയില്ല, അതിന്റെ വില മനസ്സിലാക്കാൻ തയ്യാറാണെന്നു ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണമെന്നു പറഞ്ഞുകൊണ്ട് ചോദിക്കുകയാണ്, എന്തെങ്കിലും പ്രയോജനമുണ്ടായിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഇതുവരെയുള്ള ഗവേഷണത്തിൽനിന്നും കിട്ടിയിരിക്കുന്നഅറിവ്, വളരെ പ്രയോജനകരമായ കാര്യങ്ങളും കണ്ടുപിടിച്ചിട്ടുണ്ടെന്നും ഇനിയും കണ്ടുപിടിക്കാൻ സാധിക്കുമെന്നുമാണ്. ഞാൻ പറഞ്ഞതിനു വേറെ അർത്ഥമൊന്നുമില്ല, നമുക്കു മനസ്സിലാക്കാൻ കഴിയുന്നതിനെക്കാളും കൂടുതൽ കൂടുതൽ ചരിത്രവസ്തുതകളും വെളിപ്പെട്ടിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞത്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ഇതുവരെ നടത്തിയിട്ടുള്ള ഉൽഖനനങ്ങളുടെ ഫലമായി വളരെ വിശാലമായ ക്ഷേത്രത്തിന്റെയും കോവിലകങ്ങളുടെയും അസ്തിവാരങ്ങളും കാണാൻകഴിഞ്ഞിട്ടുണ്ട്. രാജരാജ ചോളന്റെ കാലത്തുള്ള നാണയങ്ങളും കണ്ടെടുക്കാൻകഴിഞ്ഞിട്ടുണ്ട. ഇതെല്ലാം കാണുന്നതിനുവേണ്ടി, ഇതിൽ താൽപര്യമുള്ള നിയമസഭാ മെമ്പർമാർക്ക് ആസ്ഥലം സന്ദർശിക്കുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. ജോർജ്: താൽപര്യമുണ്ടെങ്കിൽ, ഉള്ള സമയത്ത്, അതിനെപ്പറ്റി ആലോചിക്കുന്നതിന് ഗവൺമെന്റിനു വൈമുഖ്യമില്ല.

മൈനർപോർട്ടുകളുടെ വികസനം

* 206. [733] ശ്രീ പി. കുഞ്ഞൻ:
,, സി. കെ. ബാലകൃഷ്ണൻ:
,, എൻ. വാസുദേവൻപിള്ള:
,, പി. കെ. കുഞ്ഞച്ചൻ:
,, എ. പി. കുര്യൻ:
,, വി. വി. കുഞ്ഞാമ്പു:
,, പി. ഗംഗാധരൻ:
,, വി. കൃഷ്ണദാസ്:
,, ആർ. കൃഷ്ണൻ (ആലത്തൂർ):
,, വി. എസ്. അച്യുതാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതത്തിലെ മൈനർപോർട്ടുകളുടെ വികസനപരിപാടി അനുസരിച്ച് ഓരോ സ്റ്റേറ്റിലും ഓരോ പോർട്ടു വികസിപ്പിക്കുമെന്ന് കേന്ദ്രം അഭിപ്രായപ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ബേപ്പൂർ പോർട്ട് വികസിപ്പിക്കാൻ നടപടി എടുത്തിരുന്നുവെന്നറിയുന്നത് ശരിയാണോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നടപടികളും എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഈ കാര്യത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ;

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) ചെറുകിട പോർട്ടുകളുടെ വികസനത്തെ സംബന്ധിച്ചിടത്തോളം വ്യക്തമായ അഭിപ്രായമൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി, സി) ബേപ്പൂർ പോർട്ടിനെ വികസനപദ്ധതി സെൻട്രൽ സെക്ടറിൽ ഉൾപ്പെടുത്താൻ ആലോചിക്കുന്നതായി ഗവൺമെൻറിനറിയാം.

(ഡി) ഉണ്ടായിട്ടില്ല.

ശ്രീ. പി. കുഞ്ഞൻ: ഓരോ സംസ്ഥാനത്തിലും ഓരോ ചെറുകിടപോർട്ട് വികസിപ്പിക്കണമെന്ന് അഭിപ്രായമുണ്ടായിരുന്നു. അതിനെറ അടിസ്ഥാനത്തിൽ ബേപ്പൂർ പോർട്ടു വികസിപ്പിക്കുന്നതിന് 3 കോടി രൂപ കേന്ദ്രഗവൺമെൻറ് ആലോട്ടുചെയ്തിട്ടുണ്ടെന്ന് പത്രങ്ങളിൽ കാണുകയുണ്ടായി. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രഗവൺമെൻറുമായി ഇതുസംബന്ധിച്ച വല്ല കൂടിക്കാഴ്ചയും നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ ഫലമെന്തായി?

ശ്രീ. കെ. എം. ജോർജ്: ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇൻഡ്യാഗവൺമെൻറിനെറ അംഗീകാരം പ്രതീക്ഷിച്ചുകൊണ്ട് ഇൻവെസ്റ്റിഗേഷനും ഡിസൈനിംഗിനും അവശ്യമായ സ്റ്റാഫ് ഏർപ്പെടുത്തുകയും ഹൈഡ്രോഗ്രാഫിക് സർവേവിംഗ് ആരംഭിക്കുകയുംചെയ്തു. ഇതു രണ്ടും ബേപ്പൂർ സ്ഥാപിച്ചതിനു പുറമേ കേന്ദ്രഗവൺമെൻറുമായി എഴുത്തുകുത്തുകളും നടത്തുകയും കാൺഫറൻസിൽ ഈ കാര്യങ്ങളും ഉന്നയിക്കുകയും അനുകൂലമായ തീരുമാനമുണ്ടാകുന്നതിനുവേണ്ടിയുള്ള കാര്യങ്ങളും ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞൻ: വളരെ പുരാതനമായ ബേപ്പൂർ പോർട്ട് വികസിപ്പിക്കണമെന്ന് രണ്ടാംപദ്ധതിക്കാലത്തുതന്നെ അഭിപ്രായമുണ്ടായിരുന്നുവെന്നാണറിയുന്നത്. ഇതു വികസിപ്പിക്കുന്നതിന് ഏറ്റവും ചുരുങ്ങിയ സംഖ്യ ചെലവാക്കിയാൽമതിയെന്നിരുന്നിട്ടും ബേപ്പൂറിനെറ കാര്യം പിന്നണിയിൽ തള്ളിയത് എന്തുകൊണ്ടാണ്? കൂടുതൽ തുകയാവശ്യമുള്ള മറ്റു ചില പോർട്ടുകളും വികസിപ്പിക്കുന്നുണ്ട്. മലബാറിലെ ഏറ്റവും പ്രധാനമായ ഈ പോർട്ടിനെറ വികസനം ഇങ്ങനെ, 'പരിഗണനയിൽ' വയ്ക്കുന്നതിനു പകരം കേന്ദ്രഗവൺമെൻറിനെറ അടുക്കൽ കൂടുതൽ സ്വാധീനംചെലുത്താൻ തയ്യാറാകുമോ?

ശ്രീ. കെ. എം. ജോർജ്: അതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മുൻഗണനകൊടുത്ത് ഏറ്റവും വേഗം കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്. മുൻഗവൺമെൻറും അതാണ് ചെയ്തുകൊണ്ടിരുന്നത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: 3 കോടി രൂപ കേന്ദ്രഗവൺമെൻറിൽനിന്ന് അലോട്ടുചെയ്തുവെന്നു പറഞ്ഞു; ഇതുവരെ എത്ര തുക ചെലവായി?

ശ്രീ. കെ. എം. ജോർജ്: ഓരോ വർഷത്തെയും വിഹിതമായി ഓരോ കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. അതനുസരിച്ചാണ് കിട്ടുന്നത്. എത്ര ചെലവായി എന്നു കൃത്യമായി കണക്കു പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. പി. കുര്യൻ: മുൻഗവൺമെൻറിലേയ്ക്ക് ഇൻഡോ പോംകമ്പനി നൽകിയിരുന്ന റിപ്പോർട്ട് എന്തായി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: ഇൻഡോ പോം കമ്പനിയുടെ റിപ്പോർട്ടു കൊണ്ട് ഒരു പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിനു കൊടുക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. പ്രൊജക്റ്റ് റിപ്പോർട്ടു ഗവൺമെന്റിനു കൊടുക്കാൻ ത്വരിതഗതിയിൽ നടപടികളും നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പി. കുര്യൻ: നടപടി സ്വീകരിച്ചിട്ടുണ്ടെന്നു പറഞ്ഞു; ആ റിപ്പോർട്ട് ഗവൺമെന്റ് പഠിച്ചോ?

ശ്രീ. കെ. എം. ജോർജ്: അതുതന്നെയാണ് പറഞ്ഞത്. പഠിച്ചിട്ടും നടപടി കൈക്കൊണ്ടിട്ടുമുണ്ട്.

ശ്രീ. എ. പി. കുര്യൻ: മറ്റ് ഏതെങ്കിലും തുറമുഖങ്ങളും വികസിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഫിഷിംഗ് ഹാർബറുകളും വികസിപ്പിക്കുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. നീണ്ടകര, വിഴിഞ്ഞം മുതലായ മൈനർ പോർട്ടുകളും വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങളും ത്വരിതഗതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ഗംഗാധരൻ: കുറച്ചുമുൻപു ഇവിടെ പറഞ്ഞ ചരിത്രപ്രസിദ്ധമായ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കണമെന്നു കാണിച്ച് ഗവൺമെന്റിൽ നിവേദനം സമർപ്പിച്ചിരുന്നു. അതിനെപ്പറ്റി വല്ല ആലോചനയും ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഫിഷിംഗ് വർദ്ധിപ്പിക്കുന്നതിന് എവിടെയെല്ലാം തുറമുഖങ്ങളും വികസിപ്പിക്കണമെന്നു തീരുമാനിക്കുന്നതാണ്. കൊടുങ്ങല്ലൂരിനെസംബന്ധിച്ചിടത്തോളം പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുകയും വിശദമായി പഠിക്കുകയുംചെയ്ത ശേഷമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. കൃഷ്ണദാസ്: ബേപ്പൂർ തുറമുഖത്തിന്റെ വികസനം എത്ര വർഷത്തിനുള്ളിൽ കഴിയുമെന്ന് പറയാമോ?

ശ്രീ. കെ. എം. ജോർജ്: എത്രയും വേഗം അതായത് ഒന്നോ രണ്ടോ വർഷം കൊണ്ട് പൂർത്തിയാക്കണമെന്നുള്ള നിലപാടാണ് എടുത്തിട്ടുള്ളത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഹൈഡ്രോഗ്രാഫിക് സർവ്വെയുടെ സാംകേഷനും പ്രവർത്തികളും നടത്തികൊണ്ടിരിക്കുന്നത് സെന്റ്രൽ സെക്ടറിലാണ്. മിനിസ്റ്റർ ഇവിടെ പ്രസ്താവിച്ചത് ബേപ്പൂർ തുറമുഖത്തിന്റെ പ്രവൃത്തി ഈ ഗവൺമെന്റു നടത്തുന്നതായിട്ടാണ്. വാസ്തവത്തിൽ ബേപ്പൂർ പോർട്ടിന്റെ പ്രവൃത്തി കേന്ദ്രഗവൺമെന്റു നേരിട്ടു നടത്തുന്നതായിരിക്കേ അതിന്റെ പ്രവൃത്തി തുടങ്ങിയിട്ടുണ്ടെന്ന് മിനിസ്റ്റർ പ്രസ്താവനയുടെ അർത്ഥം എന്താണ്?

ശ്രീ. കെ. എം. ജോർജ്: ബേപ്പൂർ പോർട്ടിന്റെ ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് ഈ ഗവൺമെന്റാണ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിന്റെ വിശദമായ പ്രൊജക്റ്റു റിപ്പോർട്ടു തയ്യാറാക്കാനും, അത് ഇൻഡ്യാഗവൺമെന്റുകൂടി അംഗീകരിച്ച്, ഇൻഡ്യാഗവൺമെന്റിൽനിന്നും കിട്ടുന്ന തുക വാങ്ങി ഏറ്റവും വേഗം പണി തുടങ്ങുന്നതിനുമുള്ള പ്രവർത്തനമാണ് ഇപ്പോൾ നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഈ പറഞ്ഞതിൽനിന്നും വ്യക്തമല്ലാത്ത ഒരു കാര്യം കേന്ദ്രഗവൺമെന്റു ബേപ്പൂർ പോർട്ടിന്റെ വികസനപ്രവർത്തനം നടത്താമെന്നു പറഞ്ഞിട്ടുള്ള ആ നടപടിയിൽ ഉൾപ്പെടുത്തിക്കൊണ്ട്. ഏതെങ്കിലും ഒരു നയാപൈസയുടെ പ്രവർത്തനമെങ്കിലും തുടങ്ങിയിട്ടുണ്ടോ ? കേരള സ്റ്റേറ്റിലുള്ള വിവിധ പോർട്ടുകളിൽ, ബേപ്പൂർ പോർട്ടിന്റെ വികസനം കേന്ദ്രഗവൺമെന്റിന്റെ കീഴിലല്ലേ തുടങ്ങുന്നത്. അതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും പ്രവൃത്തി തുടങ്ങിയിട്ടുണ്ടോ ?

ശ്രീ. കെ. എം. ജോർജ്: അതാണ് ഞാൻ പറഞ്ഞത് ഈ ഗവൺമെന്റു കേന്ദ്രഗവൺമെന്റിന്റെ സഹായസഹകരണത്തോടുകൂടി ഇൻവെസ്റ്റി ഗേഷൻ ആൻറ് പ്രിപ്പറേഷൻ ഓഫ് എസ്റ്റിമേറ്റ്സ് ഫോർ പർപ്പസ് ഓഫ് ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് ഏർപ്പെടുത്തി ബേപ്പൂർ തുറമുഖത്തിന്റെ വികസനപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

ശ്രീ. എം. സദാശിവൻ: വിഴിഞ്ഞം ഹാർബറിന്റെ പണി പുരോഗമിക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ കഴിഞ്ഞ ഒന്നരകൊല്ലമായി വിഴിഞ്ഞം ഹാർബറിന്റെ പുരോഗമനത്തിനാവശ്യമായ ഒരു പണിയും നടക്കുന്നില്ലെന്നുള്ള സത്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. സ്പീക്കർ: ഈ ചോദ്യത്തിനുത്തരം പറയേണ്ടത് ശ്രീ. കെ. അവുക്കാദർകുട്ടിനഹ ഹാജിയാണ്.

ശ്രീ. കെ. അവുക്കാദർകുട്ടിനഹഹാജി: മൈനർപോർട്ടിന്റെ കാര്യമാണ് പറഞ്ഞത്. ഫിഷിംഗ് ഹാർബറായി ഉയർത്തുന്നതിനുള്ള ടെണ്ടർ ഇതുവരെയും ഉറച്ചിട്ടില്ല. ഉറപ്പിച്ച് കഴിഞ്ഞാൽ പണി ഉടനെ നടക്കുന്നതാണ്.

ശ്രീ. കെ. എം. മാണി: മൈനർ തുറമുഖങ്ങളുടെ വികസനത്തിനു വേണ്ട ഇൻഡോ പോം കമ്പനിയുടെ പ്രോജക്ട് റിപ്പോർട്ടു സമർപ്പിച്ചിട്ടില്ലെന്നു പറയുകയുണ്ടായി— ആ റിപ്പോർട്ടു സമർപ്പിക്കുന്നതിൽ വല്ല കാലാവധിയും വച്ചിരുന്നോ? ആ കമ്പനിക്കാർക്ക് ഇതിനു വേണ്ടി എന്തുമാത്രം തുക കൊടുത്തിട്ടുണ്ട്? റിപ്പോർട്ടു സമർപ്പിക്കുന്നതിൽ വീഴ്ചവരുത്തിയതുകൊണ്ട് അവർക്ക് കൊടുത്തിട്ടുള്ള തുക തിരിയെ വാങ്ങുന്നതിനു വല്ല നടപടികളും എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഗവൺമെന്റിന്റെ പരിഗണനയിൽ അതെല്ലാം ഇരിക്കുന്നതേയുള്ളൂ.

ശ്രീ. എം. കെ. കൃഷ്ണൻ: ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി അവിടെ പ്രത്യേകമായി ഒരു ഇൻജിനീയറിംഗ് ഡിവിഷൻ ഉണ്ടോ? ഇല്ലെങ്കിൽ ഒന്ന് രൂപവൽക്കരിക്കുന്നതിനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനാവശ്യമായ ഡീറ്റയിൽഡ് പ്രോജക്ടു റിപ്പോർട്ടു തയ്യാറാക്കുന്ന ജോലിയിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുകയാണ്. മറ്റുകാര്യങ്ങളൊന്നും ആയിട്ടില്ല.

ശ്രീ. ഇ. അഹമ്മദ്: പശ്ചിമതീരത്ത് വളരെ പ്രധാനപ്പെട്ടതും വളരെയധികം വികസനസാധ്യതയുള്ളതുമായ അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിന് വല്ല നടപടികളും എടുത്തിട്ടുണ്ടോ? ഇല്ലെങ്കിൽ, എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. എം. ജോർജ്: അതും ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

ശ്രീ. ഇ. അഹമ്മദ്: അഴീക്കൽ തുറമുഖത്തിൻെറ വികസനത്തെപ്പറ്റി ഗവൺമെൻറിൻെറ പരിഗണനയിലുണ്ടെന്നു പറഞ്ഞു. അഴീക്കൽ തുറമുഖത്തിൻെറ വികസനത്തിനുവേണ്ടി പ്രത്യേകം കോർപ്പറേഷൻ പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി രൂപീകരിക്കണമെന്ന് മുൻഗവൺമെൻറു തീരുമാനിച്ചിട്ടുള്ളത് ഈ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഇങ്ങനെ പെട്ടെന്നു ചോദിച്ചാൽ പഠിക്കാതെ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: ഇൻഡോ പോറം കമ്പനിക്കാരെ ഏൽപ്പിച്ചിട്ടുള്ള പണികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: പൂർത്തിയാക്കി എന്നു പറയാൻ നിവൃത്തിയില്ല. സാങ്കേതികമായ കാര്യങ്ങളടങ്ങുന്ന ഒരു റിപ്പോർട്ടാണത്. അതിനെപ്പറ്റി ഒരു തീരുമാനം വരാതെ ഉത്തരം പറയാൻ കഴിയുകയില്ല.

ശ്രീ. എം. രാമുണ്ണി: അഴീക്കൽ തുറമുഖത്തിൻെറ പ്രവർത്തനം ഏകദേശം പരിഗണനയിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിൻെറ പ്രാഥമികമായ പ്രവർത്തനമെങ്കിലും തുടങ്ങിയിട്ടുണ്ടോ? അതോ അതെല്ലാം കോഡു സ്റ്റേറ്റാറേജിലാണോ?

Mr. Speaker:. He has already answered the question about Beypore Port.

ശ്രീ. പി. കുഞ്ഞൻ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ബേപ്പൂർ തുറമുഖത്തിൻെറ പ്രോജക്ടു റിപ്പോർട്ടു തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്ന്. കേന്ദ്രത്തിൻെറ സഹായമുള്ള എല്ലാ പദ്ധതികളും പ്രോജക്ടു റിപ്പോർട്ടു തയ്യാറാക്കുന്നതിന് വിട്ടിട്ട് അവസാനം റിപ്പോർട്ടും ഇല്ല, പ്രോജക്ടുമില്ല എന്നുള്ള ഒരു സ്ഥിതിവിശേഷമാണ് സാധാരണ ഉണ്ടാകാറുള്ളത്. ബേപ്പൂർ തുറമുഖത്തിൻെറ കാര്യത്തിൽ ഇത്രകാലത്തിനുള്ളിൽ ഈ പ്രോജക്ടു റിപ്പോർട്ടു കിട്ടുന്നതിനാവശ്യമായ നടപടികളെടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ബേപ്പൂർ പോർട്ടിൻെറ വികസനത്തിനാവശ്യമായ ഡീറെറയിൽഡ് റിപ്പോർട്ടു തയ്യാറാക്കുന്നതിനുവേണ്ടി ഏർപ്പാടു ചെയ്തിട്ടുണ്ട്. അതിൻെറ ഇൻറിം റിപ്പോർട്ടു ലഭിച്ചിട്ടുണ്ട്. ഡീറെറയിൽഡ് റിപ്പോർട്ടു കിട്ടിയതിനുശേഷം കേന്ദ്രവുമായി ആലോചിച്ച് ഇതിനെപ്പറ്റിയുള്ള അവസാന തീരുമാനം എടുക്കുന്നതാണ്.

ശ്രീ. ഇ. പി. കൃഷ്ണൻനമ്പ്യാർ: നമ്മുടെ സംസ്ഥാനത്തുള്ള മൈനർ പോർട്ടുകൾ ഏതെല്ലാമാണ്? അഴീക്കൽ തുറമുഖം മൈനർ തുറമുഖമാണോ അതോ മേജർ തുറമുഖമാണോ?

ശ്രീ. കെ. എം. ജോർജ്: ഇവിടെ ചോദിക്കുന്ന പല ഉപചോദ്യങ്ങളും ഈ ചോദ്യത്തിൻെറ പരിധിയിൽ വരുന്നതല്ല. എങ്കിലും ഇതിനു ഞാൻ മറുപടി പറയാം. അഴീക്കൽ തുറമുഖം മൈനർ തുറമുഖങ്ങളുടെ കൂട്ടത്തിൽ പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. കുഞ്ഞാമ്പു: അഴീക്കൽ തുറമുഖത്തിന്റെ പ്രവർത്തനം ആദ്യകാലങ്ങളിൽ നടന്നുവെങ്കിലും ഈ അടുത്ത കുറെനാളുകളായി അവിടെ യാതൊരു പ്രവർത്തനവും നടക്കാതെ സ്തംഭിച്ചു നിൽക്കുകയാണെന്നറി യാമോ? ആ നിലയ്ക്ക് സ്തംഭിച്ചു നിൽക്കാനുള്ള കാരണമെന്താണ്?

ശ്രീ. കെ. എം. ജോർജ്: അതിന് വേണ്ട നടപടികളെല്ലാം എടുക്കാവു ന്നതാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ബേപ്പൂർ തുറമുഖത്തിന്റെ വിക സനം ഒന്നോ രണ്ടോ വർഷംകൊണ്ടു ചെയ്തുതീർക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അതിന് ടെണ്ടർ കൊടുത്തിട്ടുണ്ടോ? എങ്കിൽ ആരാണ് ടെണ്ടർ വിളികേട്ടത്?

ശ്രീ. കെ. എം. ജോർജ്: ഡീറെയിൽഡ് പ്രോജക്ടു റിപ്പോർട്ടു പൂർത്തിയായി കഴിഞ്ഞാൽ ഒന്നോ രണ്ടോ കൊല്ലം കൊണ്ടു പണി ചെയ്തു തീർക്കാൻ സാധിക്കുമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: കൊടുങ്ങല്ലൂർ തുറമുഖത്ത് ബോട്ടുകൾക്ക് വന്ന് അടുക്കുവാൻ സാധിക്കുന്നില്ല. കാരണം അവിടെ എപ്പോഴും മണ്ണടിഞ്ഞു കിടക്കുന്നതുകൊണ്ട്. അടിയന്തിരമായി അവിടെ ഡ്രഡ്ജിംഗ് നടത്താനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: വേണ്ടത് ചെയ്യാം.

ശ്രീ. ഇ. അഹമ്മദ്: ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി—അഴീക്കൽ തുറമുഖം ഒരു മൈനർ തുറമുഖമാണെന്ന്.. എന്നാൽ കേന്ദ്ര മന്ത്രി ശ്രീ. വി. കെ. ആർ. വി. റാവു പറഞ്ഞിട്ടുള്ളത് അതൊരു ഇൻറർമീഡിയറി പോർട്ടാണെന്നാണ്. ആ നിലയ്ക്ക് അതിന്റെ പ്രവർത്തനത്തിനാവശ്യമായ നടപടികളെടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: അങ്ങോട്ടുമിങ്ങോട്ടും മാറിമാറി പല റിപ്പോർട്ടു ഉണ്ടാകുന്നത് സ്വാഭാവികമാണ്. അതിനെപ്പറ്റിയുള്ള ഡീറെയിൽഡ് റിപ്പോർട്ടില്ലാതെ അതിനെപ്പറ്റിയുള്ള വ്യവഹാരത്തിന്റെ സംഹിത പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. വി. പി. ചെറുകോയതങ്ങൾ: പൊന്നാനി തുറമുഖത്ത് എപ്പോഴും മണ്ണടിഞ്ഞുകയറുന്നതുകൊണ്ട് അവിടെ കപ്പൽ അടുക്കുന്നതിനും മറ്റും വളരെ പ്രയാസമായിരിക്കുകയാണ്. അതുകൊണ്ട് അവിടെ നിന്നും മണ്ണു മാറ്റുന്നതിനുള്ള നടപടികൾ കഴിയുന്നതും വേഗം ദയവായി എടുക്കുമോ?

ശ്രീ. കെ. എം. ജോർജ്: പൊന്നാനി തുറമുഖത്തെ ഒരു കാരണവശാലും അവഗണിക്കുകയില്ല. അവിടെ ഗവൺമെൻറിനെ കൊണ്ടു ചെയ്യാവുന്നതു ചെയ്യാം.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: തിരുവനന്തപുരത്ത് വലിയ തുറയിൽ ഇപ്പോൾ കപ്പലുകൾ അടുക്കുന്നതിന് സൗകര്യമില്ല. വലിയതുറ യുടെ വികസനത്തിനാവശ്യമായ നടപടികൾ ഗവൺമെൻറിന്റെ ഭാഗ ത്തുനിന്നുണ്ടാകുന്നതുമില്ല. അതിനെസംബന്ധിച്ച് ഗവൺമെൻറിൽനിന്നും അന്വേഷണം നടത്തിയിട്ടുണ്ടോ? അതിന്റെ വികസനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: തിരുവനന്തപുരം വലിയതുറയിലെ പീയറും മറ്റു കാര്യങ്ങളും അനുസരിച്ച് കൂടുതൽകൂടുതൽ കപ്പലുകൾ അടുക്കുന്നതിന് ഗവൺമെന്റു കഴിയുന്നതും ചെയ്യാൻ പരിശ്രമിക്കുന്നുണ്ട്. അവിടെ വേണ്ടിടത്തോളം തൊഴിലാളികൾക്ക് ജോലികിട്ടാനും കപ്പലുകൾ അടുക്കാനുമുള്ള സാഹചര്യം ഇല്ലെന്നുള്ള വസ്തുത ഗവൺമെന്റിനറിയാം. എങ്കിലും അവിടെ വേണ്ടത് ചെയ്യാം.

ടാക്സി കാറുകൾക്ക് മീറ്റർ

* 207 (734) ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടാക്സി കാറുകൾക്ക് മീറ്റർ ഘടിപ്പിക്കണമെന്നുള്ള ഗവൺമെന്റു കൽപ്പന എന്നു മുതൽ നടപ്പാക്കി;

(ബി) നടപ്പിലാക്കിയിയില്ലെങ്കിൽ കാരണമെന്ത്?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്)

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഈ നഗരങ്ങളിൽ പ്രസ്തുത ഉത്തരവ് 1965 ജൂൺ മാസം മുതൽ നടപ്പിലാക്കി. മറ്റു ജില്ലാ തലസ്ഥാനങ്ങളിൽ കൂടി ഈ ഉത്തരവു 1970 ജനുവരി മുതൽ നടപ്പിലാക്കാൻ നിശ്ചയിച്ചിരുന്നു.

(ബി) അതിനെതിരായി ലഭിച്ചിട്ടുള്ള നിവേദനം പരിശോധിച്ചതിനു ശേഷം പ്രസ്തുത ഉത്തരവ് തൽക്കാലം നടപ്പിലാക്കാതെ സ്റ്റേ ചെയ്തിരിക്കുകയാണ്. ഈകാര്യം ഗവൺമെന്റു പരിശോധിച്ചുവരികയാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്:) എല്ലാ സ്ഥലങ്ങളിലും എത്ര കാലംകൊണ്ടു നടപ്പിൽ വരുത്താമെന്നാണ് വിചാരിക്കുന്നത്?

ശ്രീ. കെ. എം. ജോർജ്: മീറ്റർ ഘടിപ്പിക്കുന്ന കാര്യം തൽക്കാലം ഒരു കൊല്ലത്തേക്കാണ് സ്റ്റേ ചെയ്തിരിക്കുന്നത്. അതിനു ശേഷം അക്കാര്യത്തെപ്പറ്റി അവസാന തീരുമാനം എടുക്കുന്നതാണ്. അതുവരെ ഗവൺമെന്റിനു കിട്ടിയിട്ടുള്ള വിവരങ്ങൾ അനുസരിച്ച് ഗവൺമെന്റു ഈ വിഷയത്തെസംബന്ധിച്ച് പഠിച്ച്, ഇന്നുള്ള കോർപ്പറേഷൻ മേഖലയ്ക്കു വെളിയിലുള്ള ചെറിയ മുനിസിപ്പാലിറ്റികളിലും ചെറിയ നഗരങ്ങളിലും ടാക്സി കാറുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതുകൊണ്ട് ടാക്സികാർക്കും, പൊതുജനങ്ങൾക്കും ഒരു ഗുണവും ഉണ്ടാകുകയില്ലെന്ന് മനസിലാക്കിയിരിക്കുകയാണ്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ടാക്സി കാറുകളിൽ ബില്ല് കൊടുക്കണമെന്നുള്ള കൽപ്പന എന്നുമുതൽ നടപ്പിലാക്കി?

ശ്രീ. കെ. എം. ജോർജ്: ബിൽ കൊടുക്കണമെന്നുള്ള കൽപന നടപ്പിൽ വന്നത് വാസ്തവത്തിൽ മേലേക്കിടയിൽനിന്നും അറിഞ്ഞല്ല പോയത്. എങ്കിലും ഒരു അമെൻറുമെന്റു വരുത്തിയതിനെ ആരും എതിർത്തില്ല. നിവേദനം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ആ കൽപ്പന സ്റ്റേ ചെയ്യുകയും, അത് റദ്ദു ചെയ്യാനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി: ജില്ലാ തലസ്ഥാനങ്ങളിൽ ടാക്സി കാറുകളുടെ ഉടമകൾ അതിനെസംബന്ധിച്ച് നിവേദനം നടത്തിയപ്പോൾ എന്തെല്ലാം കാരണങ്ങളാണ് തടസ്സമായി പറഞ്ഞിട്ടുള്ളത്? അതിൽ

LIBRARY ARCHIVES Kerala Legislative Assembly